(ബി) കോഴിക്കോട് കലക്ടേറ്റിൽ നിന്നും ഇതിനായുള്ള അപേക്ഷ എന്നാണ് എസ്.എൽ.ഇ.സി. മുൻപാകെ സമർപ്പിക്കപ്പെട്ടിട്ടുള്ളത് എന്നത് വിശദമായി വ്യക്തമാക്കാമോ ;

(സി) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിന് എസ്.എൽ.ഇ.സി.-യിൽ എന്താണ് തടസ്സം എന്നത് വ്യക്തമാക്കാമോ ; തടസ്സങ്ങൾ ഉണ്ടെങ്കിൽ അതിനുള്ള പരിഹാര നടപടികൾ എന്തെല്ലാം എന്നത് വിശദമാക്കാമോ ;

(ഡി) എസ്റ്റിമേറ്റിന് എസ്.എൽ.ഇ.സി .അംഗീകാരം നൽകാത്തതിനാൽ സ്ഥലമെടുപ്പ് നടപടികൾ അനിശ്ചിതാവസ്ഥയിൽ നിൽക്കുന്ന അവസ്ഥ സർക്കാർ കാണുന്നുണ്ടോ ?

ഉത്തരം

(എ-സി) ഉള്ളൂർക്കടവ് പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനുള്ള സ്ഥലമേറ്റെടുപ്പ് നടപടികളുടെ ഭാഗമായി ജില്ലാതല പർച്ചേസ് കമ്മിറ്റിയുടെ ശിപാർശ 30-11-2013-ൽ ഗവൺമെന്റിൽ ലഭിച്ചിട്ടുണ്ട്. 1-1-2014 മുതൽ "Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013" നിലവിൽ വരികയും എന്നാൽ അതനുസരിച്ചുള്ള ചട്ടങ്ങൾ രൂപീകരിക്കാത്തതിനാൽ നിലവിലുണ്ടായിരുന്ന 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടരുവാൻ കഴിയാത്ത സാഹചര്യമാണ്. പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ രൂപീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് അംഗീകരിക്കുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്. പുതിയ ആക്ടിലെ ചട്ടങ്ങൾ രൂപീകരിക്കുന്നതുവരെ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ അടുത്ത യോഗത്തിൽ ഈ വിഷയം പരിഗണിക്കുന്നതാണ്.

(ഡി) അടുത്ത എസ്.എൽ.ഇ.സി. യോഗത്തിൽ ഈ വിഷയം പരിഗണിക്കുന്നതാണ്.

പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം

214 (1271) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 11-6-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 239/12/ഡി.എം.ഡി. പ്രകാരം നൽകിവന്നിരുന്ന നഷ്ടപരിഹാരം ഗണ്യമായി വെട്ടിക്കുറച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂടുതൽ കൃഷിനാശം സംഭവിച്ച തെങ്ങ്, വാഴ എന്നിവയ്ക്ക് നൽകിവന്നിരുന്ന നഷ്ടപരിഹാരത്തുക ഭീമമായി വെട്ടിക്കുറച്ചതിനാൽ കർഷകർക്ക് സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ കർഷകരുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരമായി 11-6-2012-ലെ സർക്കാർ ഉത്തരവ് പുനഃസ്ഥാപിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) SDRF/NDRF മാനദണ്ഡത്തിനെക്കാൾ ഉപരിയായി കർഷകർക്ക് ധനസഹായം നൽകുന്നതിന് ദുരന്ത നിവാരണ വകുപ്പിൽ ഫണ്ട് ലഭ്യമല്ല. കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡമനുസരിച്ച് മാത്രമേ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാൻ കഴിയൂ. 21-8-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 361/2014/ഡി.എം.ഡി. നമ്പർ പ്രകാരമാണ് നിലവിൽ ധനസഹായം അനുവദിക്കുന്നത്. എസ്.ഡി.ആർ.എഫ്. മാനദണ്ഡങ്ങൾ അധികരിച്ച് കൃഷിനാശത്തിന് ധനസഹായം നൽകുന്നത് അധിക സാമ്പത്തിക ബാധ്യത വരുത്തുമെന്ന് കൃഷി വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം കൃഷി വകുപ്പ് പരിശോധിച്ചുവരികയാണ്.

വഴുതക്കാടിൽ ഹിന്ദുവനിതാ സംഘം അനധികൃതമായി കൈവശം വച്ചുവരുന്ന സർക്കാർ ഭൂമി

215 (1272) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ വഴുതക്കാടിൽ ഹിന്ദു വനിതാ സംഘം അനധികൃതമായി കൈവശം വച്ചുവരുന്ന സർക്കാർ ഭൂമി പ്രസ്തുത സംഘത്തിന് തന്നെ പാട്ടത്തിന് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; പ്രസ്തുത സംഘത്തിന്റെ പ്രവർത്തനം നിലച്ചിട്ട് വർഷങ്ങൾ പിന്നിട്ടതായി അറിയാമോ ;

(ബി) പ്രസ്തുത സംഘം സർക്കാരിൽ അടച്ചുതീർക്കാനുണ്ടായിരുന്ന തുക എത്രയായിരുന്നു ; ഇക്കാര്യത്തിൽ കോടതിയിൽ വന്ന കേസ് നടത്താത്തതിന് സർക്കാരിന്റെ ഭാഗത്ത് വീഴ്ച വന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കേസ് നടത്തിയതിലെ വീഴ്ചമൂലം പാട്ടക്കുടിശ്ശിക തുകയിൽ കോടതി ഇളവ് നൽകിയിട്ടുള്ളതായി അറിയാമോ ;

(സി) തിരുവനന്തപുരം നഗരത്തിലെ നിർണ്ണായക സ്ഥലത്തുള്ള പ്രസ്തുത ഭൂമി സർക്കാരിൽ നിലനിർത്താൻ നടപടി സ്വീകരിക്കുമോ; ഈ സ്ഥലം സഹകരണ ഭവൻ നിർമ്മാണത്തിന് വിട്ടുനൽകാൻ സഹകരണ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly